# സർവർക്കും സഹയോഗം നൽകൂ, സഹയോഗിയാക്കൂ, സദാ ഭണ്ഡാരം അഖണ്ഡമായിരിക്കണം.

ഇന്ന് ബാപ്ദാദ സ്വയം തനിക്കൊപ്പം കുട്ടികളുടെ വജ്രതുല്യ ജന്മദിനമായ ശിവജയന്തി ആഘോഷിക്കുവാൻ വന്നിരിക്കുകയാണ്. താങ്കൾ എല്ലാ കുട്ടികളും തൻറെ പാരലൗകിക അലൗകിക ബാബയുടെ പിറന്നാൾ ആഘോഷിക്കുവാൻ വന്നിരിക്കുകയാണ് അപ്പോൾ ബാബ താങ്കളുടെയും ആഘോഷിക്കുവാൻ വന്നിരിക്കുന്നു. ബാബ കുട്ടികളുടെ ഭാഗ്യത്തെ കണ്ട് ഹർഷിതമാകുന്നു, ആഹാ എൻറെ ശ്രേഷ്ഠ ഭാഗ്യശാലി കുട്ടികളെ ആഹാ! ബാബയോടൊപ്പം വിശ്വത്തിന്റെ അന്ധകാരത്തെ അകറ്റുവാൻ അവതരിച്ചിരിക്കുന്ന കുട്ടികൾ. താങ്കൾ കുട്ടികൾ പരമാത്മ പിതാവിന് ഒപ്പം ആഘോഷിക്കുന്ന ഇങ്ങനെയുള്ള ജന്മദിനം മുഴുവൻ കൽപ്പത്തിലും ആർക്കും ഉണ്ടാവുക സാധ്യമല്ല. ഈ അലൗകിക, അതി നിർമോഹി, അതിപ്രിയജന്മദിനം ഭക്താത്മാക്കൾ പോലും ആഘോഷിക്കുന്നു. എന്നാൽ താങ്കൾ കുട്ടികൾ മിലനം ആഘോഷിക്കുന്നു ഭക്തന്മാർ വെറും മഹിമ പാടിക്കൊണ്ടിരിക്കുന്നു. മഹിമയും പാടുന്നു വിളിക്കുകയും ചെയ്യുന്നു, ബാപ്ദാദ ഭക്തരുടെ മഹിമയും വിളിയും കേട്ട് അവർക്കും യഥാക്രമം ഭാവനയുടെ ഫലം നൽകുന്നുമുണ്ട്. എന്നാൽ ഭക്തരും കുട്ടികളും രണ്ടിനും മഹാ വ്യത്യാസമുണ്ട്. താങ്കളാൽ ചെയ്യപ്പെട്ടിട്ടുള്ള ശ്രേഷ്ഠ കർമ്മം, ശ്രേഷ്ഠ ഭാഗ്യത്തിന്റെ ഓർമ്മ ചിഹ്നം വളരെ നന്നായി ആചരിക്കുന്നു. അതിനാൽ ബാപ്ദാദ ഭക്തരുടെ ഭക്തിയുടെ ലീലകൾ കണ്ട് അവർക്കും ആശംസകൾ നൽകുന്നു, എന്തെന്നാൽ ഓർമ്മ ചിഹ്നം എല്ലാവരും വളരെ നല്ല രീതിയിൽ കോപ്പി ചെയ്തിട്ടുണ്ട്. അവരും ഇതേ ദിവസം വ്രതം എടുക്കുന്നു അവർ വ്രതം എടുക്കുന്നത് കുറച്ച് സമയത്തേക്ക് അല്പകാലത്തെ ഭക്ഷണ പാനീയത്തിന്റെ ശുദ്ധിക്കു വേണ്ടി. താങ്കൾ സമ്പൂർണ്ണ പവിത്രത -അതിൽ ആഹാരം, വ്യവഹാരം, വചനം, കർമ്മം, മുഴുവൻ ജന്മത്തേക്കും വേണ്ടി വ്രതം എടുക്കുന്നു. ഏതു വരെ സംഗമത്തിൽ ജീവിക്കുന്നുവോ അതുവരേക്കും മനസ്സ് വചനം കർമ്മത്തിൽ പവിത്രമാകുക തന്നെ വേണം. വെറും ആകുക മാത്രമല്ല ആക്കുകയും വേണം. അപ്പോൾ നോക്കൂ ഭക്തരുടെ ബുദ്ധിയും കുറഞ്ഞതൊന്നുമല്ല ഓർമ്മ ചിഹ്നത്തെ വളരെ നന്നായി കോപ്പി ചെയ്തിട്ടുണ്ട്. താങ്കൾ എല്ലാവരും എല്ലാ വ്യർഥവും സമർപ്പണം ചെയ്ത് സമർത്ഥരായിരിക്കുന്നു, അതായത് തൻറെ അപവിത്ര ജീവിതത്തെ സമർപ്പിച്ചു താങ്കളുടെ സമർപ്പണതയുടെ ഓർമ്മചിഹ്നമായി അവർ ബലി അർപ്പിക്കുന്നു എന്നാൽ സ്വയത്തെ ബലി ആക്കുന്നില്ല, ആടിനെ ബലി കൊടുക്കുന്നു. നോക്കൂ എത്ര നന്നായി കോപ്പി ചെയ്തിരിക്കുന്നു ആടിനെ എന്തുകൊണ്ട് ബലിയർപ്പിക്കുന്നു? ഇതിന്റെയും അനുകരണം വളരെ സുന്ദരമായി ചെയ്തിരിക്കുന്നു, ആട് എന്താണ് ചെയ്യാറുള്ളത്? മേ മേ മേ (ഞാൻ ഞാൻ ഞാൻ )എന്നല്ലേ! താങ്കൾ എന്താണ് സമർപ്പണം ചെയ്തത്? മേ മേ മേ (ഞാൻ ഞാൻ ഞാൻ ) ദേഹ ബോധത്തിന്റെ ഞാനെന്ന ഭാവം. എന്തെന്നാൽ ഈ ഞാനെന്ന ഭാവത്തിലാണ് ദേഹാഭിമാനം വരുന്നത്. എല്ലാ വികാരങ്ങളുടെയും ബീജമായ ദേഹാഭിമാനം.

ബാപ്ദാദ ആദ്യമേ തന്നെ കേൾപ്പിച്ചു സർവ്വ സമർപ്പിതരാകുന്നതിന് ഈ ദേഹ ബോധത്തിന്റെ ഞാനെന്ന ഭാവമാണ് വിഘ്നം ഇടുന്നത്. സാധാരണ ഞാൻ എന്ന ഭാവം -ഞാൻ ദേഹമാണ് അഥവാ ദേഹ സംബന്ധത്തിന്റെ ഞാനെന്ന ഭാവം, ദേഹത്തിന്റെ പദാർത്ഥങ്ങളുടെ സമർപ്പണം ഇതാണെങ്കിൽ സഹജമാണ്. ഇത് ചെയ്തതാണല്ലോ? ചെയ്തില്ലേ ഇതും ചെയ്തിട്ടില്ലേ! എത്രത്തോളം മുന്നേറുന്നുവോ അത്രയും ഞാൻ എന്ന ഭാവവും അത് സൂക്ഷ്മമായി മാറുന്നു. ഈ വലിയ ഞാനെന്ന ഭാവം അവസാനിപ്പിക്കുക സഹജമാണ്. എന്നാൽ സൂക്ഷ്മ ഞാൻ എന്ന ഭാവം-പരമാത്മ ജന്മസിദ്ധ അധികാരത്തിലൂടെ പ്രാപ്തമായ വിശേഷതകൾ, ബുദ്ധിയുടെ വരദാനം, ജ്ഞാന സ്വരൂപം ആകുന്നതിനുള്ള വരദാനം, സേവനത്തിന്റെ വരദാനം അഥവാ വിശേഷതകൾ, അല്ലെങ്കിൽ പ്രഭു ദാനം എന്നു പറയാം അതിന്മേൽ അഥവാ ഞാനെന്ന ഭാവം വരുന്നുവെങ്കിൽ ഇതിനെ പറയുന്നു -സൂക്ഷ്മ ഞാൻ എന്ന ഭാവം. ഞാനെന്തു ചെയ്യുന്നുവോ, ഞാനെന്തു പറയുന്നു അതാണ് ശരി, അതാണ് നടക്കേണ്ടത്, ഈ റോയൽ ഞാൻ എന്ന ഭാവം പറക്കുന്ന കലയിൽ പോകുന്നതിന് ഭാരമായി മാറുന്നു. അപ്പോൾ ബാബ പറയുന്നു - ഈ ഞാൻ എന്ന ഭാവത്തിന്റെയും സമർപ്പണം. പ്രഭു ദാനത്തിൽ ഞാനെന്ന ഭാവം ഉണ്ടാകുന്നില്ല, ഞാനുമില്ല എന്റെയുമില്ല. പ്രഭുദാനം, പ്രഭു വരദാനം, പ്രഭു വിശേഷതയാണ്. അപ്പോൾ താങ്കൾ എല്ലാവരുടെയും സമർപ്പണത എത്ര സൂക്ഷ്മമാണ്. പരിശോധിച്ചിട്ടുണ്ടോ? സാധാരണ ഞാൻ എന്ന ഭാവം, റോയൽ ഞാൻ എന്ന ഭാവം രണ്ടിനെയും സമർപ്പണം ചെയ്തുവോ? ചെയ്തിട്ടുണ്ടോ അതോ ചെയ്തുകൊണ്ടിരിക്കുകയാണോ? ചെയ്യുക തന്നെ വേണമല്ലോ. താങ്കൾ പരസ്പരം ചിരിച്ച് പറയാറുണ്ടല്ലോ മരിച്ചേ പറ്റൂ. എന്നാൽ ഈ മരിക്കൽ ഭഗവാൻറെ മടിത്തട്ടിനെ ജയിക്കലാണ്. ഈ മരിക്കൽ മരിക്കലല്ല. 21 ജന്മം ദേവാത്മാക്കളുടെ മടിത്തട്ടിൽ ജന്മനാ ഉണ്ടാകുന്നു. അതിനാൽ സസന്തോഷം സമർപ്പിതരാകുന്നില്ലേ!

നിലവിളിച്ചുകൊണ്ട് അല്ലല്ലോ? അരുത്. ഭക്തിയിലും നിലവിളിച്ചുകൊണ്ടുള്ള ബലി സ്വീകരിക്കുന്നില്ല. അപ്പോൾ ആരാണോ സന്തോഷത്തോടെ സമർപ്പിക്കുന്നത് പരിധിയുള്ള ഞാനും എന്റേതും അവർ ജന്മജന്മം സമ്പത്തിന് അധികാരി ആയി മാറുന്നു.

അപ്പോൾ പരിശോധിക്കുക ഏതെങ്കിലും വ്യർത്ഥ സങ്കല്പം, വ്യർത്ഥ സംസാരം, വ്യർത്ഥ പെരുമാറ്റത്തിന്റെ പരിവർത്തനം ചെയ്യുന്നതിൽ സന്തോഷത്തോടെ പരിവർത്തനം ചെയ്യുന്നുവോ നിർബന്ധം കൊണ്ടാണോ? പ്രേമത്തോടെ പരിവർത്തനം സംഭവിക്കുന്നുവോ അതോ പ്രയത്നത്തോടെ പരിവർത്തനം സംഭവിക്കുന്നുവോ? താങ്കളെ എല്ലാ കുട്ടികളും ജന്മമെടുത്തതേ തൻറെ ജീവിതത്തിൻറെ കർത്തവ്യം ഇതാക്കി മാറ്റി –വിശ്വ പരിവർത്തനം ചെയ്യുന്ന വിശ്വ പരിവർത്തകർ. ഇത് താങ്കൾ എല്ലാവരുടെയും ബ്രാഹ്മണ ജന്മത്തിന്റെ കർത്തവ്യം അല്ലേ! പക്കയാണ് എങ്കിൽ കൈ വീശു. കൊടി വീശുന്നു, വളരെ നല്ലത്. (എല്ലാവരുടെയും കൈകളിൽ ശിവ ബാബയുടെ കൊടികൾ എല്ലാവരും വീശിക്കൊണ്ടിരിക്കുന്നു) ഇന്ന് കൊടികളുടെ ദിനമല്ലേ, വളരെ നല്ലത്. എന്നാൽ ഇങ്ങനെ തന്നെ കൊടി വീശിക്കൊണ്ടിരിക്കരുത്. ഇങ്ങനെ കൊടി വീശുവാൻ വളരെ എളുപ്പമാണ് മനസ്സിനെ വീശുക. മനസ്സിൻറെ പരിവർത്തനം ചെയ്യണം. ധൈര്യമുള്ളവരല്ലേ.ധൈര്യമുണ്ടോ? വളരെ ധൈര്യമുണ്ട് നല്ലത്.

ബാപ്ദാദ ഒരു സന്തോഷവാർത്ത കണ്ടു, ഏതാണ്, അറിയാമോ? ബാപ്ദാദ ഈ വർഷത്തേക്ക് വിശേഷസമ്മാനം നൽകിയിരുന്നു ഈ വർഷം അഥവാ അല്പമെങ്കിലും ധൈര്യം വെച്ചു എങ്കിൽ, ഏതെങ്കിലും കാര്യത്തിൽ– സ്വപരിവർത്തനത്തിൽ ആകട്ടെ, പ്രവർത്തിയിൽ ആകട്ടെ, വിശ്വ സേവനത്തിൽ ആകട്ടെ, അഥവാ ധൈര്യത്തോടെ ചെയ്തു എങ്കിൽ എക്സ്ട്രാ സഹായം ലഭിക്കുന്നതിനുള്ള ഈ വർഷത്തെ വരദാനം ലഭിച്ചു. അപ്പോൾ ബാപ്ദാദ സന്തോഷവാർത്ത അല്ലെങ്കിൽ ദൃശ്യം എന്താണ് കണ്ടത്! ഇത്തവണത്തെ ശിവജയന്തിയുടെ സേവനത്തിൽ നാനാഭാഗത്തും വളരെ വളരെ വളരെ നല്ല ധൈര്യവും ഉണർവുത്സാഹത്തോടെയും മുന്നേറിക്കൊണ്ടിരിക്കുന്നു (എല്ലാവരും കൈയ്യടിച്ചു ). ശരി കൈയ്യടിച്ചോളൂ. സദാ ഇങ്ങനെ കൈയ്യടിക്കുമോ അതോ ശിവരാത്രിക്കാണോ? സദാ അടിച്ചു കൊണ്ടിരിക്കുക. ശരി. നാനാഭാഗത്ത് നിന്നും ഉള്ള വാർത്ത മധുബനിൽ എഴുതുന്നു,ബാപ്ദാദ വതനത്തിൽ തന്നെ കാണുന്നു. ഉത്സാഹം നല്ലതാണ് പദ്ധതിയും നന്നായി ഉണ്ടാക്കിയിട്ടുണ്ട്. ഇങ്ങനെ തന്നെ സേവനത്തിൽ ഉണർവും ഉത്സാഹവും വിശ്വത്തിലെ ആത്മാക്കളിൽ ഉണർവുത്സാഹം വർദ്ധിപ്പിക്കും. നോക്കൂ നിമിത്ത ദാദിയുടെ പേന അത്ഭുതം ചെയ്തില്ലേ! നല്ല റിസൾട്ട് ഉണ്ട്. അതിനാൽ ബാപ്ദാദ ഇപ്പോൾ ഓരോരോ സെന്ററിന്റെയും പേരെടുത്ത് പറയുന്നില്ല എന്നാൽ വിശേഷിച്ച് എല്ലാ വശത്തു നിന്നും ഉള്ള സേവനത്തിന്റെ റിസൾട്ട് എടുത്തു, ബാപ്ദാദ ഓരോരോ സേവാധാരി കുട്ടികളുടെയും വിശേഷതയും പേരെടുത്ത് കോടിമടങ്ങ് ആശംസകൾ നൽകുകയാണ്. കണ്ടുകൊണ്ട് ഇരിക്കുകയാണ്,കുട്ടികൾ അവരവരുടെ സ്ഥലത്ത് കണ്ട് സന്തോഷിക്കുകയാണ്. വിദേശത്തും സന്തോഷിച്ചു കൊണ്ടിരിക്കുന്നു എന്തെന്നാൽ താങ്കൾ എല്ലാവരും അതേ വിശ്വത്തിലെ ആത്മാക്കൾക്ക് ഇഷ്ട ദേവിയും ദേവതകളും അല്ലേ. ബാപ്ദാദ കുട്ടികളുടെ സഭയെ കാണുമ്പോൾ മൂന്നു രൂപങ്ങളിൽ കാണുന്നു:–

1 –വർത്തമാന സ്വരാജ്യ അധികാരി, ഇപ്പോഴും രാജാക്കന്മാരാണ്. ലൗകികത്തിലും അച്ഛൻ മക്കളോട് പറയുന്നു എൻറെ രാജാ കുട്ടികളെ, രാജാ കുട്ടി. ദരിദ്രനാണെങ്കിലും പറയുന്നു രാജാ കുട്ടി. എന്നാൽ ബാബ വർത്തമാന സംഗമത്തിലും ഓരോ കുട്ടിയെയും സ്വരാജ്യ അധികാരി രാജാക്കുട്ടിയായി കാണുന്നു. രാജാക്കന്മാരല്ലേ! സ്വരാജ്യ അധികാരി. അപ്പോൾ വർത്തമാനം സ്വരാജ്യഅധികാരി. 2 –ഭാവിയിൽ വിശ്വരാജ്യ അധികാരി 3 ദ്വാപരയുഗം മുതൽ കലിയുഗ അന്തിമം വരെ പൂജ്യർ, പൂജയ്ക്ക് അധികാരി –ഈ മൂന്ന് രൂപങ്ങളിലും ഓരോ കുട്ടികളെയും ബാപ്ദാദ കാണുന്നു. സാധാരണമായി കാണുന്നില്ല. താങ്കൾ എങ്ങനെയും ആകട്ടെ എന്നാൽ ബാപ്ദാദ ഓരോ കുട്ടികളെയും സ്വരാജ്യ അധികാരി രാജാ കുട്ടിയായി കാണുന്നു. രാജയോഗി അല്ലേ! എന്താ ആരെങ്കിലും ഇതിൽ പ്രജായോഗിയുണ്ടോ? പ്രജായോഗിയാണോ? അല്ല. എല്ലാവരും രാജയോഗിയാണ്. അപ്പോൾ രാജയോഗി അർത്ഥം രാജാവ്. ഇങ്ങനെ സ്വരാജ്യ അധികാരി കുട്ടികളുടെ ജന്മദിനം ആഘോഷിക്കുവാൻ സ്വയം ബാബ വന്നിരിക്കുകയാണ്. നോക്കൂ താങ്കൾ ഡബിൾ വിദേശികൾ വിദേശത്തുനിന്നാണ് വന്നിട്ടുള്ളത് ജന്മദിനം ആഘോഷിക്കുവാൻ. കൈ ഉയർത്തു ഡബിൾ വിദേശികൾ. അപ്പോൾ ഏറ്റവും കൂടുതൽ ദൂര ദേശം ഏതാണ്? അമേരിക്കയോ അതോ അതിലും ദൂരെയുണ്ടോ? ബാപ്ദാദ എവിടെനിന്നാണ് വന്നിട്ടുള്ളത്? ബാപ്ദാദ പരമധാമത്ത് നിന്ന് വന്നിരിക്കുന്നു. അപ്പോൾ കുട്ടികളോട് സ്നേഹമില്ലേ! ഭഗവാന് പോലും വരേണ്ടിവരുന്ന ഈ ജന്മദിനം എത്ര ശ്രേഷ്ഠമാണ്. അതെ ഇത് (ജന്മദിനത്തിന്റെ ഒരു ബാനർ എല്ലാ ഭാഷകളിലും ഉണ്ടാക്കിയിട്ടുള്ളത് കാണിക്കുകയാണ് ) നന്നായി ഉണ്ടാക്കിയിട്ടുണ്ട് എല്ലാ ഭാഷകളിലും എഴുതിയിരിക്കുന്നു. ബാപ്ദാദ എല്ലാ ദേശത്തേയും എല്ലാ ഭാഷകളിലും ഉള്ള കുട്ടികൾക്ക് ജന്മദിനത്തിന്റെ ആശംസകൾ നൽകുകയാണ്.

നോക്കൂ ബാബയുടെ ശിവജയന്തി ആചരിക്കുന്നു എന്നാൽ ബാബ എന്താണ്? ബിന്ദു. ബിന്ദുവിന്റെ ജയന്തി. അവതരണം ആഘോഷിക്കുകയാണ്. എല്ലാത്തിലും വജ്രതുല്യ ജയന്തി ആരുടെയാണ്? ബിന്ദുവിന്റെ.

അപ്പോൾ ബിന്ദുവിന് എത്രയാണ് മഹിമ! അതിനാൽ ബാപ്ദാദ സദാ പറയുന്നു മൂന്നു ബിന്ദു സദാ ഓർമ്മിക്കു – 8,7 നമ്പർ എല്ലാം വിഷമിച്ച് എഴുതണം എന്നാൽ ബിന്ദു എത്ര എളുപ്പമാണ്. മൂന്ന് ബിന്ദു –സദാ ഓർമ്മ വെക്കൂ. മൂന്നിനെയും നന്നായി അറിയാമല്ലോ. താങ്കളും ബിന്ദു, ബാബയും ബിന്ദു ബിന്ദുവിന്റെ മക്കൾ ബിന്ദുവാണ്. കർമ്മത്തിൽ എപ്പോൾ വരുന്നുവോ അപ്പോൾ ഈ സൃഷ്ടി രംഗവേദിയിൽ കർമ്മം ചെയ്യുന്നതിനായി വന്നിരിക്കുകയാണ്.ഈ സൃഷ്ടി രംഗവേദി ഡ്രാമയാണ്. അപ്പോൾ ഡ്രാമയിൽ എന്തെല്ലാം കർമ്മം ചെയ്തുവോ കഴിഞ്ഞുപോയി. അതിന് ഫുൾസ്റ്റോപ്പ് ഇടൂ. ഫുൾ സ്റ്റോപ്പും എന്താണ്? ബിന്ദു. അതിനാൽ മൂന്ന് ബിന്ദു സദാ ഓർമ്മ വെക്കു. മുഴുവൻ അത്ഭുതവും കാണൂ ഇന്നത്തെ കാലത്തെ ലോകത്ത് ഏറ്റവും അധികം മഹത്വം എന്തിനാണ്? പണത്തിന്. പണത്തിന് മഹത്വം ഇല്ലേ! അച്ഛൻ അമ്മമാർ പോലും ഒന്നുമല്ല പണമാണ് എല്ലാം. അതിലും നോക്കൂ അഥവാ ഒന്നിനും മുന്നിൽ ഒരു ബിന്ദു വിട്ടാൽ എന്താകും! പത്തായി മാറില്ലേ. അടുത്ത ബിന്ദുവിടൂ, 100 ആയി മാറും. മൂന്നാമത് ഇടു, 1000 ആയി മാറും. അപ്പോൾ ബിന്ദുവിന്റെ അത്ഭുതമല്ലേ. പണത്തിലും ബിന്ദുവിന്റെ അത്ഭുതമാണ്, ശ്രേഷ്ഠ ആത്മാവാകുന്നതിലും ബിന്ദുവിന്റെ അത്ഭുതമാണ്. ചെയ്യുന്നതും ചെയ്യിക്കുന്നതുമായ ആളും ബിന്ദുവാണ്. അപ്പോൾ എല്ലാ വശത്തും എന്തിന് മഹത്വം ആയി! ബിന്ദുവിനല്ലേ. ബിന്ദു ഓർമ്മിക്കൂ അത്രമാത്രം, വിസ്താരത്തിൽ പോകാതിരിക്കൂ ബിന്ദു ഓർമ്മിക്കുവാൻ സാധിക്കും. ബിന്ദുവാകൂ, ബിന്ദുവിനെ ഓർമ്മിക്കൂ, ബിന്ദുവിടൂ, അത്രമാത്രം. ഇതാണ് പുരുഷാർത്ഥം. പ്രയത്നം ഉണ്ടോ? അതോ സഹജമാണോ? ആര് മനസ്സിലാക്കുന്നു സഹജമാണ് അവർ കൈ ഉയർത്തു. സഹജമാണെങ്കിൽ ബിന്ദുവിടേണ്ടി വരും. എപ്പോൾ എന്തെങ്കിലും സമസ്യ വരുന്നു അപ്പോൾ ബിന്ദുവിടുകയാണോ അതോ ചോദ്യചിഹ്നമോ? ചോദ്യചിഹ്നം ഇടേണ്ട ബിന്ദുവിടുക. ചോദ്യചിഹ്നം എത്ര പ്രയാസമാണ്. എഴുതു ചോദ്യചിഹ്നം എത്ര പ്രയാസമാണ് ബിന്ദു എത്ര എളുപ്പമാണ്. അപ്പോൾ ബിന്ദുവാകാൻ അറിയുമോ?അറിയാമോ? എല്ലാവരും സമർത്ഥരാണ്.

ബാപ്ദാദ വിശേഷിച്ച് സേവനങ്ങളുടെ ഉണർവുത്സാഹത്തിന്റെ ആശംസകൾ നൽകി വളരെ നന്നായി ചെയ്തുകൊണ്ടിരിക്കുന്നു,ചെയ്തുകൊണ്ടിരിക്കും, എന്നാൽ മുന്നോട്ട് ഓരോ സമയവും ഓരോ ദിവസവും –വിശ്വ സേവകരാണ് – ഇത് ഓർമ്മ വയ്ക്കുക. താങ്കൾക്ക് ഓർമ്മയുണ്ടോ – ബ്രഹ്മാബാബ എങ്ങനെയാണ് ഒപ്പിട്ടിരുന്നത്? വിശ്വ സേവകൻ. അപ്പോൾ ലോക സേവകൻ ആണ് എങ്കിൽ കേവലം ശിവരാത്രിയുടെ സേവനത്തിലൂടെ ലോകസേവനം അവസാനിക്കുകയില്ല. ലക്ഷ്യം വെക്കൂ –ഞാൻ ലോക സേവകനാണ്, എങ്കിൽ ലോകത്തിൻറെ സേവനം ഓരോ ശ്വാസത്തിൽ ഓരോ സെക്കൻഡിൽ ചെയ്യണം. ആര് വന്നാലും ആരോട് സമ്പർക്കം ഉണ്ടായാലും അവർക്ക് ദാതാവായി എന്തെങ്കിലും എന്തെങ്കിലും നൽകുക തന്നെ വേണം. കാലികയ്യോടെ ആരും പോകരുത്. അഖണ്ഡ ഭണ്ഡാരം ഓരോ സമയവും തുറന്നിരിക്കട്ടെ. ഏറ്റവും ചുരുങ്ങിയത് ഓരോരുത്തരെയും പ്രതി ശുഭഭാവവും, ശുഭ ഭാവനയും, ഇത് അവശ്യമായി നൽകു. ശുഭഭാവത്തോടെ കാണൂ, കേൾക്കൂ, സംബന്ധത്തിൽ വരൂ, ശുഭഭാവനയോടെ ആത്മാവിന് സഹയോഗം നൽകു. ഇപ്പോൾ സർവ്വാത്മാക്കൾക്കും താങ്കളുടെ സഹയോഗത്തിന്റെ വളരെ വളരെ ആവശ്യകതയുണ്ട്. അപ്പോൾ സഹയോഗം നൽകൂ സഹയോഗി ആക്കു. എന്തെങ്കിലും എന്തെങ്കിലും സഹയോഗം മനസാ ആകട്ടെ, എന്തെങ്കിലും സഹയോഗം നൽകു, സംബന്ധ സമ്പർക്കത്തിലൂടെ ആകട്ടെ സഹയോഗം നൽകൂ, എങ്കിൽ ഈ ശിവരാത്രി ജന്മോത്സവത്തിന്റെ വിശേഷ സ്ലോഗൻ ഓർമ്മവയ്ക്കു – സഹയോഗം നൽകൂ സഹയോഗിയാക്കൂ. ഏറ്റവും ചുരുങ്ങിയത് ആര് തന്നെ സംബന്ധ സമ്പർക്കത്തിൽ വന്നാലും അവർക്ക് സഹയോഗം നൽകൂ സഹയോഗിയാക്കൂ. ആരെങ്കിലും ആരെങ്കിലും സംബന്ധത്തിൽ വരികതന്നെ ചെയ്യും അവരുടെ മറ്റൊരു സൽക്കാരവും ചെയ്തില്ലെങ്കിലും ഓരോരുത്തർക്കും ദിൽഖുഷ് മിഠായി തീർച്ചയായും കഴിപ്പിക്കു. ഇവിടെ ഭണ്ഡാരി(അടുക്കള)യിൽ ഉണ്ടാക്കുന്ന മിഠായി അല്ല. ദിൽ ഖുശ് മിഠായി (മനസ്സിന് സന്തോഷം നൽകുന്ന മിഠായി)ചെയ്തുകൊടുക്കു. അപ്പോൾ ഹൃദയത്തെ സന്തോഷിപ്പിക്കുക അർത്ഥം ദിൽ ഖുശ് മിഠായി കഴിപ്പിക്കുക. കഴിപ്പിക്കുമോ! അതിൽ ഒരു പ്രയത്നവും ഇല്ല. സമയവും എക്സ്ട്രാ നൽകേണ്ട പരിശ്രമവും വേണ്ട. ശുഭ ഭാവനയുടെ ദിൽഖുശ് മിഠായി കഴിപ്പിക്കു. താങ്കളും സന്തുഷ്ടം അവരും സന്തുഷ്ടം മറ്റെന്താണ് വേണ്ടത്. അപ്പോൾ സന്തോഷമായിരിക്കും, സന്തോഷം നൽകും, ഒരിക്കലും താങ്കൾ എല്ലാവരുടെയും മുഖം കൂടുതൽ ഗൗരവമാകാൻ പാടില്ല. കൂടുതൽ ഗൗരവവും നല്ലതായി തോന്നുകയില്ല. പുഞ്ചിരി ഉണ്ടാകണമല്ലോ. ഗൗരവം ആകുന്നത് നല്ലതാണ് എന്നാൽ കൂടുതൽ ഗൗരവമായി എങ്കിൽ എവിടെയോ മുഴുകിയിരിക്കുന്നതു പോലെ തോന്നും. കണ്ടുകൊണ്ടിരിക്കുന്നുണ്ട് എന്നാൽ ഇവിടെ ഇല്ലാത്ത പോലെ, സംസാരിച്ചുകൊണ്ടിരിക്കുന്നു, എന്നാൽ അവ്യക്ത രൂപത്തിൽ സംസാരിക്കുകയാണ്. അപ്പോൾ ആ മുഖം നല്ലതല്ല. മുഖം പുഞ്ചിരിച്ചു കൊണ്ടിരിക്കട്ടെ മുഖം ഗൗരവമാക്കരുത്. എന്തുചെയ്യാൻ, എങ്ങനെ ചെയ്യാൻ അപ്പോൾ ഗൗരവമായി പോകുന്നു. വളരെ പരിശ്രമം ഉണ്ട്, വളരെ ജോലിയുണ്ട്.... ഗൗരവം ആകുന്നു. പക്ഷേ എത്രത്തോളം ജോലിയുണ്ടോ അത്രത്തോളം അധികം പുഞ്ചിരിക്കുക. പുഞ്ചിരിക്കാൻ അറിയുകയില്ലേ? അറിയാമോ? താങ്കളുടെ ജഡചിത്രം നോക്കൂ,എന്താ എപ്പോഴെങ്കിലും ഇങ്ങനെ ഗൗരവമായി കാണുന്നുണ്ടോ?അഥവാ ഗൗരവമായി കാണിക്കുന്നുവെങ്കിൽ പറയുന്നു ചിത്രകാരൻ

ശരിയല്ല. അപ്പോൾ അഥവാ താങ്കളും ഗൗരവമായിരിക്കുന്നു എങ്കിൽ പറയും ഇവർക്ക് ജീവിക്കാനുള്ള കല അറിയുകയില്ല. അതിനാൽ എന്ത് ചെയ്യും? ടീച്ചേഴ്സ് എന്തു ചെയ്യും? നല്ലത് ഒരുപാട് ടീച്ചേഴ്സ് ഉണ്ട്, ടീച്ചേഴ്സിന് ആശംസകൾ, സേവനത്തിനുള്ള ആശംസകൾ.ശരി.
ഒരു സെക്കൻഡിൽ തൻറെ പൂർവജ, പൂജ്യ സ്വരൂപം പ്രത്യക്ഷമാക്കാൻ സാധിക്കുമോ? അതേ ദേവി ദേവതമാരുടെ സ്വരൂപത്തിൻറെ സ്മൃതിയിൽ അവനവനെ കാണാൻ കഴിയുമോ? ഏതെങ്കിലും ദേവി അഥവാ ദേവത. ഞാൻ പൂർവ്വജനാണ്, സംഗമയുഗത്തിൽ പൂർവ്വജനാണ്. ദ്വാപരം മുതൽ പൂജ്യനാണ്, സത്യയുഗ, ത്രേതായിൽ രാജ്യ അധികാരിയാണ്. അപ്പോൾ ഒരു സെക്കൻഡിൽ എല്ലാവരും മറ്റു സങ്കൽപ്പങ്ങൾ സമാപ്തമാക്കി തൻറെ പൂർവ്വജ, പൂജ്യ സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ.ശരി.

നാനാഭാഗത്തെയും അലൗകിക ദിവ്യ അവതരണമുള്ളവരായ കുട്ടികൾക്ക്, ബാബയുടെ ജന്മദിനത്തിന്റെയും കുട്ടികളുടെ ജന്മദിനത്തിന്റെയും ആശിർവാദങ്ങളും സ്നേഹ സ്മരണയും, അച്ഛൻറെ ഹൃദയത്തിൽ വലംകൈ സേവാധാരി കുട്ടികൾ സദാ മുഴുകിയിരിക്കുന്നു. അപ്പോൾ ഇങ്ങനെയുള്ള ഹൃദയസിംഹാസനധാരി ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ബിന്ദുവിന്റെ മഹത്വത്തെ അറിയുന്ന ശ്രേഷ്ഠ ബിന്ദു സ്വരൂപ കുട്ടികൾക്ക്, സദാ തന്റെ സ്വമാനത്തിൽ സ്ഥിതിചെയ്ത് സർവർക്കും ആത്മീയ ബഹുമാനം നൽകുന്നവരായ സ്വമാനധാരി ആത്മാക്കൾക്ക്, സദാ ദാതാവിന്റെ കുട്ടികൾ മാസ്റ്റർ ദാതാവായി ഓരോരുത്തർക്കും തൻറെ അഖണ്ഡ ഭണ്ഡാരത്തിൽ നിന്ന് എന്തെങ്കിലുമെന്തെങ്കിലും നൽകുന്നവരായ മാസ്റ്റർ ദാതാവായ കുട്ടികൾക്ക്, വളരെ വളരെ കോടിമടങ്ങ് കോഹിനൂർ രത്നത്തിലും കൂടുതൽ പ്രഭുപ്രകാശമായ കുട്ടികൾക്ക് സ്നേഹ സ്മരണ, നമസ്തേ.

## വരദാനം : ഓരോ ശക്തിയെയും ആജ്ഞ അനുസരിച്ച് നടത്തിക്കുന്ന മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.

കർമ്മം ആരംഭിക്കുന്നതിനു മുമ്പ് എങ്ങനെയുള്ള കർമ്മമാണോ അങ്ങനെയുള്ള ശക്തിയുടെ ആഹ്വാനം ചെയ്യൂ. യജമാനനായി ആജ്ഞാപിക്കൂ, എന്തെന്നാൽ ഈ സർവ്വശക്തികൾ താങ്കളുടെ കരങ്ങൾ പോലെയാണ്. താങ്കളുടെ കരങ്ങൾക്ക് താങ്കളുടെ ആജ്ഞ കൂടാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. സഹനശക്തിയോട് കാര്യത്തെ സഫലമാക്കുവാൻ ആജ്ഞാപിക്കൂ, എങ്കിൽ നോക്കൂ സഫലത ഉണ്ടായത് തന്നെയാണ്. എന്നാൽ ആജ്ഞാപിക്കുന്നതിന് പകരം ഭയക്കുന്നു – ചെയ്യാൻ സാധിക്കുമോ അതോ സാധിക്കില്ലേ. ഇത്തരത്തിലുള്ള ഭയം ആണെങ്കിൽ ആജ്ഞാപിക്കുവാൻ സാധിക്കുകയില്ല. അതിനാൽ മാസ്റ്റർ രചയിതാവായി ഓരോ ശക്തിയെയും ആജ്ഞ അനുസരിച്ച് നടത്തിക്കുന്നതിനായി നിർഭയരാകൂ.

## സ്ലോഗൻ: ആശ്രയ ദാതാവായ അച്ഛനെ പ്രത്യക്ഷമാക്കി സർവ്വതിനെയും അകറ്റി നിർത്തൂ.

**അവ്യക്ത സൂചനകൾ : ഏകാന്തപ്രിയരാകൂ ഏകതയെയും ഏകാഗ്രതയെയും സ്വന്തമാക്കൂ**
ഗവേഷകർ തന്റെ ഗവേഷണം നടത്തുവാൻ ഏകാന്തതയിൽ കഴിയുന്നു. അപ്പോൾ ഇവിടത്തെ ഏകാന്തത അർത്ഥം ഒന്നിന്റെ മാത്രം ആഴത്തിൽ മുഴുകുക. അപ്പോൾ പുറമേയുള്ള ആകർഷണത്തിൽ നിന്നും ഏകാന്തം ആകണം. മുറിയിൽ ഒറ്റക്കിരിക്കുന്നതിന്റെ ഏകാന്തതയല്ല, എന്നാൽ മനസ്സ് ഏകാന്തതയിൽ ആകണം. മനസ്സിൻറെ ഏകാഗ്രത അർത്ഥം ഒന്നിന്റെ ഓർമ്മയിൽ കഴിയുക, ഏകാഗ്രമാകുക ഇതാണ് ഏകാന്തത.